LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ

274 (284) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും അവർക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഇവർ കൂടുതലായി തമ്പടിക്കുന്ന സ്ഥലങ്ങളിലും ജോലി സ്ഥലങ്ങളിലും പോലീസ് രഹസ്യനിരീക്ഷണവും പട്രോളിംഗും നടത്തിവരുന്നു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിലാസം, ഫോട്ടോ, ഫിംഗർ പ്രിന്റ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ വിവരങ്ങൾ, ഈ തൊഴിലാളികളുടെ കോൺട്രാക്ടർമാരുടെ വിവരങ്ങൾ എന്നിവ കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. ഇതിനുപുറമെ ഇതര സംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അയ്യന്തോളിലെ കൊലപാതകം

275 (285) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യന്തോളിലെ കോൺഗ്രസ്സ് ഗ്രൂപ്പ് വഴക്കിനെ തുടർന്നുള്ള കൊലപാതകങ്ങളിൽ, മന്ത്രിയും എം.എൽ.എയും അടക്കമുള്ള ഉന്നത കോൺഗ്രസ്സ് നേതാക്കൾക്ക് പങ്കുള്ളതായി കൊലചെയ്യപ്പെട്ട ലാൽജി കൊള്ളന്നൂരിന്റെ അമ്മ ഓമന ജോർജ് വെളിപ്പെടുത്തിയിരുന്നത് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന് പരാതി ഉന്നയിച്ചിട്ടും തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന വിവരം ലഭ്യമാക്കുമോ ;

(സി) കൊലപാതകം സംബന്ധിച്ച അന്വേഷണം സത്യസന്ധമായി നടത്തണമെന്ന് ഓമനാ ജോർജിന്റെ ഹർജിയിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കേസിൽ ഇതിനകം അറസ്റ്റ് ചെയ്യപ്പെട്ടവരിൽ കോൺഗ്രസ്സ് പ്രവർത്തകർ ആരൊക്കെയാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒരു മന്ത്രിയുമായുണ്ടായ പ്രശ്നത്തിന്റെ പേരിൽ തങ്ങളുടെ കുടുംബത്തെ തകർത്തെറിഞ്ഞ ഒരു സി.ഐ.-യും എസ്.ഐ.-യും മന്ത്രിയുടെ സ്റ്റാഫംഗങ്ങളും 2 കൗൺസിലർമാരെ സംബന്ധിച്ചും മറ്റും കാണിച്ച് ശ്രീമതി ഓമന ജോർജ്ജ്, തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മേൽ പരാതിക്കാര്യത്തെപ്പറ്റി അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പരാതി സംഗതിയിന്മേൽ വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്.

(ഡി) 2 പേർ. (1) ശ്രീ. പ്രേംജി കൊള്ളന്നൂർ, S/o. ജോർജ്, (2) ഷിനോജ് S/o. ജോഷ്വ.

ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കീഴിലെ ജീവനക്കാർ

276 (286) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ ഓഫീസ് കെട്ടിടം പുതുതായി നിർമ്മിച്ചത് എത്ര രൂപ അടങ്കലിലാണെന്ന് അറിയിക്കുമോ ; പ്രസ്തുത തുക ഏത് ഫണ്ടിൽനിന്നുമാണ് വിനിയോഗിച്ചിട്ടുള്ളത് ;

(ബി) ചാത്തന്നൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ അധികാര പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലും, സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസുകളിലും അനുവദിച്ച തസ്തികകളിൽ ജീവനക്കാർ നിലവിലുണ്ടോ ; എങ്കിൽ ഏതൊക്കെ ഓഫീസുകളിൽ എത്ര ജീവനക്കാർ കുറവുണ്ടെന്ന് ഓഫീസ് തിരിച്ച് അറിയിക്കുമോ ; പ്രസ്തുത ഓഫീസുകളിൽ ജീവനക്കാരെ നിയമിക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly